**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 399** **28-06-2022 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ ട്രോമാകെയർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ ഗവണ്മെന്റ് മെഡിക്കൽ കോളേജിൽ കിഫ്ബി അംഗീകാരം നൽകിയ 51.30 കോടി രൂപയുടെ ട്രോമാകെയർ പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ കിഫ്ബി അംഗീകാരം നൽകിയ 51.30 കോടി രൂപയുടെ ട്രോമാ കെയർ ഉൾപ്പെടെയുള്ള പദ്ധതി ഐ.എഫ്.സി. ഫണ്ടിംഗിനായി പരിഗണിക്കുകയും ടി പദ്ധതിയുടെ ഡിസൈനിൽ ഐ.എഫ്.സി. മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഐ.എഫ്.സി യുടെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പദ്ധതിയുടെ പുതുക്കിയ രൂപരേഖയുള്ള സാങ്കേതിക അനുമതി എസ്. പി. വി. ആയ WAPCOS നൽകിയിട്ടുണ്ട്. എന്നാൽ ടി തുക കിഫ്ബി അനുമതി നൽകിയ 51.30 കോടി രൂപയിൽ നിന്നും 104 കോടി രൂപയായി അധികരിച്ചതിനാൽ എസ്റ്റിമേറ്റ് പുതുക്കിയ ധനാനുമതിയ്ക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു. ആയതു പൂർത്തിയാകുന്ന മുറയ്ക്ക് പുതുക്കിയ ധനാനുമതി ലഭ്യമാക്കാനുള്ള നടപടി കിഫ്ബി സ്വീകരിക്കുന്നതാണ്. അതിനുശേഷം പദ്ധതി ടെണ്ടർ ചെയ്യാനുള്ള തുടർനടപടികൾ നിർദ്ദിഷ്ട എസ്.പി.വി. ആയ WAPCOS സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ